"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4419/2025-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-11-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

നോട്ടീസ്

(അനുബന്ധം- എച്ച് 4)

ശ്രീ സജിത്ത് ജോസഫ്, സീനിയർ ക്ലർക്ക്, ഐസിഡിഎസ്സ് മാനന്തവാടി അഡീഷണൽ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക ഏറ്റവും ഒടുവിൽ അറിയാവുന്ന താങ്കളുടെ മേൽ വിലാസത്തിൽ കാര്യാലയമേധാവി മുഖാന്തിരം രജിസ്റ്റേർഡായി അയച്ചിരുന്നു. എന്നാൽ ടി കുറ്റപത്രം/കുറ്റാരോപണ പത്രിക വിതരണം ചെയ്യപ്പെടാതെ പോസ്റ്റൽ അധികാരികൾ വകുപ്പിലേയ്ക്ക് മടക്കി. ആയതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ/ കുറ്റപത്രത്തിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്കു വാങ്ങാവുന്നതാണ്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നും താങ്കൾക്ക് നൽകിയിരുന്ന കുറ്റപത്രം/കുറ്റാരോപണ പത്രിക എന്നിവ വകുപ്പിന്റെ വെബ്സൈറ്റായ **wcd.kerala.gov.in** ൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട് എന്നറിയിക്കുന്നു.

HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ**

Signed by
Haritha V Kumar
Date: 19-11-2025 15:11:16

ശ്രീ സജിത്ത് ജോസഫ്,
സീനിയർ ക്ലർക്ക്,
ശിശുവികസന പദ്ധതി ഓഫീസ്
മാനന്തവാടി അഡീഷണൽ

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4419/2025-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 04-08-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**കുറ്റപത്രം**

മാനന്തവാടി അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ സജിത്ത് ജോസഫിനെതിരായ കുറ്റപത്രം.

1. ശ്രീ സജിത്ത് ജോസഫ് എന്ന താങ്കൾ ചുവടെ പറയുന്ന കുറ്റം ചെയ്തിരിക്കുന്നു.

   മാനന്തവാടി അഡീഷണൽ ഐ.സി.ഡി.എസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ സാമൂഹ്യനീതി ഡയറക്ടറുടെ 29/12/2018 ലെ E2-17127/18 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദേശത്ത് ജോലി സ്വീകരിക്കുന്നതിനായി KSR Part 1 APPENDIX XII A പ്രകാരം 10/01/2019 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ച താങ്കളുടെ ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും താങ്കൾ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതായി മാനന്തവാടി അഡീഷണൽ സിഡിപിഒ അറിയിച്ചിട്ടുണ്ട്. ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുകയും നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുക വഴി താങ്കൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിരിക്കുന്നു.

2. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിയ്ക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം, 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിയ്ക്കാതിരിയ്ക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിയ്ക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക സമർപ്പിയ്ക്കുന്നതിന് ഈ വിവരം ലഭിച്ച തിയതി മുതൽ 15 ദിവസം അനുവദിയ്ക്കുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മറുപടി ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്കൊന്നും ബോധിപ്പിയ്ക്കുവാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിയ്ക്കുന്നുവോ എന്ന് കൂടി അറിയിക്കുവാൻ നിർദ്ദേശിയ്ക്കുന്നു. ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിയ്ക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിൻമേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിയ്ക്കേണ്ട അവസാന തിയതിയ്ക്ക് മുൻപുള്ള നിശ്ചയിക്കപ്പെടുന്ന ദിവസം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നും പ്രസക്തഭാഗങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

3. കുറ്റാരോപണങ്ങൾക്ക് ആധാരമായ പത്രിക അന്യത്ര ചേർത്തിരിക്കുന്നു.

HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ**

Signed by
Haritha V Kumar
Date: 06-08-2025 10:21:31

ശ്രീ സജിത്ത് ജോസഫ്

സീനിയർ ക്ലർക്ക്

മാനന്തവാടി അഡീഷണൽ

(കാര്യാലയമേധാവി മുഖാന്തിരം)-രണ്ട് പകർപ്പുകൾ രജി. വിത്ത് എഡിയായി അയയ്ക്കുന്നു. ആയതിൽ ഒരു പകർപ്പിൽ ശ്രീ സജിത്ത് ജോസഫിന്റെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്.

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4419/2025-E5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 04-08-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**കുറ്റാരോപണ പത്രിക**

മാനന്തവാടി അഡീഷണൽ ഐസിഡിഎസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ KSR Part 1 APPENDIX XII A പ്രകാരം 10/01/2019 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ച ശ്രീ സജിത്ത് ജോസഫിന്റെ ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും ടിയാൾ നാളിതുവരെ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതായി മാനന്തവാടി അഡീഷണൽ സിഡിപിഒ അറിയിച്ചിട്ടുണ്ട്. കെ.എസ് ആർ ഭാഗം 1 അനുബന്ധം XII A, XII C എന്നിവ പ്രത്യേകമായോ ഇവ രണ്ടും ചേർത്തോ ഒരു ജീവനക്കാരന് സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി 05/11/2020 ലെ സ.ഉ (പി) നം. 152/2020/ധന നമ്പർ സർക്കാർ ഉത്തരവ്, 30/12/2020 ലെ ധനകാര്യ (റൂൾ-ബി) വകുപ്പിന്റെ 83/2020/ധന നമ്പർ പരിപത്രം എന്നിവ പ്രകാരം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. 30.12.2020 ലെ പ്രസ്തുത സർക്കുലർ പ്രകാരം കേരള സർവ്വീസ് റൂൾ ഭാഗം 1 അനുബന്ധം 12 എ, 12 സി എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് ഒരു സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് പരമാവധി 5 വർഷമായിരിക്കുമെന്നും അവധി അവസാനിക്കുന്ന മുറയ്ക്ക് അഥവാ 5 വർഷത്തിനു ശേഷം തിരികെ ജോലിയ്ക്ക് ഹാജരാകാത്ത പക്ഷം കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 എ ചട്ടം 9/12സി ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ശൂന്യവേതനാവധി കാലയളവ് അവസാനിച്ചിട്ടും തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്നത് വഴി ശ്രീ സജിത്ത് ജോസഫ് കടുത്ത അച്ചടക്ക ലംഘനവും ഗുരുതരമായ കൃത്യവിലോപവും നടത്തിയിരിക്കുന്നതായി കണ്ട് ഇപ്രകാരം കുറ്റപത്രം നൽകുന്നു.

**കുറ്റപത്രത്തിനാധാരമായ രേഖകൾ**

- 30.12.2020 ലെ 83/2020/ധന നമ്പർ സർക്കുലർ.
- സാമൂഹ്യനീതി ഡയറക്ടറുടെ 29/12/2018 ലെ E2-17127/18 നമ്പർ ഉത്തരവ്.

HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ**

Signed by
Haritha V Kumar
Date: 06-08-2025 10:21:00

ശ്രീ സജിത്ത് ജോസഫ്
സീനിയർ ക്ലർക്ക്
മാനന്തവാടി അഡീഷണൽ

(കാര്യാലയമേധാവി മുഖാന്തിരം)-രണ്ട് പകർപ്പുകൾ രജി. വിത്ത് എ.ഡി ആയി അയയ്ക്കുന്നു. ആയതിൽ ഒരു പകർപ്പിൽ ശ്രീ സജിത്ത് ജോസഫിന്റെ തീയതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി ലഭ്യമാക്കേണ്ടതാണ്.